"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സിഡ്കോ മുഖാന്തിരം ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.527/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2020

പരാമർശം:- 1 സിഡ്കോ ചെയർമാന്റെ 04.12.2017 ലെ സിഡ്കോ/എം.കെ.ടി.ജി./ ജനറൽ/ 17 -18 നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 05.03.2018-ലെ ഇനം 4.51 നമ്പർ തീരുമാനം.

3 സർക്കാരിന്റെ 11.04.2018ലെ 458/ഡി എ 2/2017/ത സ്വ ഭ വ നമ്പർ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 29.06.2019,23.07.2019 തീയതികളിലെ PAN/22599/2018-J 8(DP) നമ്പർ കത്തുകൾ

ഉത്തരവ്

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡിജിറ്റൽ ലൈബ്രറി നടപ്പിലാക്കുന്നതിന് സിഡ്കോ-യെ ചുമതലപ്പെടുത്തണമെന്ന പരാമർ ശം (1) ലെ സിഡ്കോ ചെയർമാന്റെ അപേക്ഷയിന്മേൽ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ശുപാർശ പ്രകാരം വകുപ്പ തലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുടർ നടപടി സ്വീകരിക്കാൻ പരാമർ ശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

2)പഞ്ചായത്ത് ഡയറക്ടർ , IIITMK യിലേയും, ICT അക്കാഡമിയിലേയും പ്രതിനിധികളെ കൂടെ ഉൾപ്പെടുത്തി 7 അംഗ കമ്മിറ്റി രൂപീകരിക്കുകയും ഒരു ഗ്രാമപഞ്ചായത്തിൽ 5 കമ്പ്യൂട്ടറുകളും ഒരു സെർവർ കമ്പ്യൂട്ടറും, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ , നെറ്റ് വർക്കിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റും അഞ്ചു കമ്പ്യൂട്ടറുകളിൽ ഒരേ സമയം ഉപയോഗിക്കുന്നതിനുള്ള ലൈസൻസോടു കൂടിയ 1000 മലയാളം ഇ-ബുക്കുകൾ ഉൾപ്പെട്ട ഒരു ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിന് ഹാർഡ് വെയർ, സോഫ്റ്റ് വെയർ, പദ്ധതി നിർവ്വഹണ ചെലവുകൾ ആവശ്യമായ പകർപ്പവകാശ അനുമതികൾ, സാങ്കേതിക സഹായം എന്നിവ ഉൾപ്പെടെ 10,45000/- (ജി.എസ്.ടി. ഇതിന് പുറമെ) രൂപയുടെ എസ്റ്റിമേറ്റ് സിഡ്കോ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും, സിഡ്കോ സമർപ്പിച്ച പ്രൊപ്പോസൽ ഹാർഡ് വെയർ, സോഫ്റ്റ് വെയർ, തുടങ്ങിയവയുടെ വില ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വെറ്റിംഗ് നടത്തി ലഭ്യമാക്കിയിട്ടുണ്ടെന്നും ,ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ വർഷവും

ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും സേവനമേഖലയിൽ ഉൾപ്പെടുത്തിയോ തനത് ഫണ്ട് ലഭ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഉപയോഗിച്ചോ പ്രൊജക്റ്റ് തയ്യാറാക്കി ഡിജിറ്റൽ ലൈബ്രറി നടപ്പിലാക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (4)പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ടായിരുന്നു.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ ജനങ്ങളിൽ ഭൂരിപക്ഷത്തിനും സ്മാർട്ട് ഫോൺ ലാപ് ടോപ് മുതലായ സൗകര്യങ്ങൾ ഉള്ള സാഹചര്യത്തിൽ ഡിജിറ്റൽ ലൈബ്രറി എല്ലാ പഞ്ചായത്തിലും ആവശ്യമായ ഒരു പ്രൊജക്റ്റ് ആയി കാണുന്നുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സിഡ്കോ മുഖാന്തിരം ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ ,സിഡ്കോ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ചെമ്മരുതി ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം .

സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്,വയനാട്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ